Lift Irrigation Scheme.

* 262. MR. R. CHELLASWAMI NADAR (*Vilvancode—Hindu Nadar*): Will the Hon'ble Minister for food be pleased to state whether the Government have investigated the possibilities of introducing Lift Irrigation Schemes on both sides of Kuzhithura and Neyyattinkara rivers ?

HON'BLE MR. T. K. NARAYANA PILLAI : No

MR. R. CHELLASWAMI NADAR : அதைப்பற்றி எதாவது ஆலோசனை இனிமேலாவது கடத்தி முடிவுபடா ?

HON'BLE MR. T. K. NARAYANA PILLAI : തീർച്ചയായും സാധിക്കും.

ഗവണ്മെൻറ് ആശുപത്രികൾ.

*263. MR. A. V. JOSEPH : താഴെ പറയുന്ന ചോദ്യത്തിനു ബഹു മാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ?

പെരിയാറിനു വടക്കേക്കരയിൽ താമസിക്കുന്ന ജനങ്ങൾക്കായി അവിടെ എത്ര ഗവണ്മെൻറ് ആശുപത്രികൾ ഉണ്ടെന്നു പറയാമോ?

HON'BLE MR. K. E. MADHAVAN : പശ്ചിമഘട്ടത്തിൽനിന്നും ഉത്ഭവിച്ചു പടിഞ്ഞാറോട്ടു ഒഴുകി അറബിക്കടലിൽ പതിക്കുന്ന പെരിയാറിൻെറ വടക്കുവശത്തു താമസിക്കുന്ന ജനങ്ങളുടെ ഉപയോഗത്തിലേക്കായി ആശുപത്രികളും ഡിസ്പെൻസറികളും ഉണ്ട്.

MR. A. V. JOSEPH : അങ്കമാലി ഡിസ്പെൻസറി ബഹുമാനപ്പെട്ട മന്ത്രി സന്ദർശിച്ചിട്ടുണ്ടോ?

HON'BLE MR. E. K. MADHAVAN : സന്ദർശിച്ചിട്ടുണ്ട്.

MR. A. V. JOSEPH : അങ്കമാലി ആശുപത്രി ഇട്ടിരിക്കുന്ന കെട്ടിടം ഒരു ആശുപത്രിക്ക് പറ്റിയതല്ലെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

HON'BLE MR. E. K. MADHAVAN : ആ കെട്ടിടം ആശുപത്രിക്ക് പറ്റിയതല്ലെന്നു ബോദ്ധ്യമാകുക മാത്രമല്ല ആശുപത്രിയുടെ ആവശ്യത്തിനു ജനങ്ങൾ ഒരു കെട്ടിടം പണിയിച്ചു തരാമെന്നു പറഞ്ഞതിനുശേഷം അങ്ങിനെ ചെയ്തിട്ടില്ലെന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

MR. A. V. JOSEPH : ജനങ്ങൾ ഒരു കെട്ടിടം പണിയുതന്നാൽ അതിനെ ശരിയായ ഒരു ഡിസ്പെൻസറിയാക്കിത്തീർക്കാൻ ഗവണ്മെൻറിനു ദയവു ണ്ടാകുമോ?

HON'BLE MR. E. K. MADHAVAN : തീർച്ചയായും.

LIBRARY ARCHIVES Kerala Legislative Assembly